പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3059 | 22.02.2016 ൽ മറുപടിയ്ക്ക് |
|---|---|
| **മാതൃകാ അംഗൻവാടികൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. ബാബു. എം. പാലിശ്ശേരി** | **ഡോ. എം. കെ. മുനീർ (ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) ഓരോ നിയമസഭാ നിയോജകമണ്ഡലത്തിലും ഓരോ മാതൃകാ അംഗൻവാടി സ്ഥാപിക്കുമെന്ന 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ; എത്ര നിയോജകമണ്ഡലങ്ങളിൽ ഇവ സ്ഥാപിക്കപ്പെട്ടു; | (എ) നടപ്പിലാക്കിയിട്ടുണ്ട്. ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ള 115 നിയോജക മണ്ഡലങ്ങളിൽ 51 നിയോജകമണ്ഡലങ്ങളിലെ മാതൃകാ അങ്കണവാടി കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു |
| (ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എത്ര തുക ഓരോ വർഷത്തെയും ബഡ്ജറ്റിൽ നീക്കിവച്ചിരുന്നു; അതിൽ എത്ര തുക ചെലവഴിക്കപ്പെട്ടു എന്ന് വ്യക്തമാക്കുമോ ? | (ബി) ഒരു നിയോജക മണ്ഡലത്തിൽ ഒരു മാതൃകാ അങ്കണവാടി വീതം സ്ഥാപിക്കുന്നതിനായി 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2235-02-102-69(പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 100 കോടി രൂപയിൽ നിന്നും കേന്ദ്ര സർക്കാർ സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാമിന് 50% കേന്ദ്രസഹായമായി അനുവദിച്ച് സാമൂഹ്യനീതി ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഉള്ള ട്രഷറി സേവിംഗ്സ് ബാങ്കിൽ 5452.49 ലക്ഷം രൂപ നിക്ഷേപിച്ചിട്ടുണ്ട്. ആയതിൽ ഒരു മാതൃകാ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് അടങ്കൽ തുകയായ 23.75 ലക്ഷം രൂപയിൽ 17 ലക്ഷം രൂപ സാമൂഹ്യനീതി ഡയറക്ടറുടെ TSB അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും ബാക്കി 6.75 ലക്ഷം രൂപ ബന്ധപ്പെട്ട MLAയുടെ പ്രാദേശിക വികസനഫണ്ടിൽ നിന്നുമാണ് കണ്ടെത്തേണ്ടത്. മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി നാളിതുവരെ 15,92,44,079/-രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ